<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2386**

09.03.2018-ലെ മറുപടി

**<u>കൊല്ലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.എം.മുകേഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| കൊല്ലം നിയോജകമണ്ഡല പരിധിയിൽ 2017-18 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പദ്ധതി -പദ്ധതിയേതര പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | കൊല്ലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൊല്ലം കോർപ്പറേഷനുവേണ്ടി 2017-18 സാമ്പത്തിക വർഷം അമൃത് പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കൊല്ലം കോർപ്പറേഷനിൽ പുതിയ വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തിക്കായി 7.90 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തി ടെണ്ടർ ക്ഷണിച്ചെങ്കിലും മതിയായ കരാറുകാർ പങ്കെടുക്കാത്തതിനാൽ 03.03.2018-ൽ ടെണ്ടർ റദ്ദാക്കുകയുണ്ടായി. പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.<br>2. കൊല്ലം നഗരത്തിനായുള്ള കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം - 78.35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ടി പ്രവൃത്തി അഞ്ചു പാക്കേജുകളായി വിഭജിക്കുകയും അതിൽ ഒരു പാക്കേജിന് ടെണ്ടർ ക്ഷണിക്കുകയും മൂന്ന് പാക്കേജുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ശേഷിക്കുന്ന ഒരു പാക്കേജിന്റെ ടെണ്ടർ ജലസേചന വകുപ്പിനെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ